# സിംഹപുരിയിൽ ഒരു വാരം

സരോജ വർഗീസ്സ്, ന്യൂയോർക്ക്



ഓർമ്മകളിൽ നീലക്കുറിഞ്ഞിയും, വരയാടുകളും, മൂന്നാറിൻെറ കുളിർമ്മയും വിട്ട് പോകാതെ നിൽക്കുമ്പോഴാണു സിംഗപ്പൂർ/മലേഷ്യ സന്ദർശനം ഒത്ത് വന്നത്. നെടുമ്പാശ്ശേരിയിൽ നിന്നും ആറു മണിക്കൂർ കൊണ്ട് പറന്നെത്താവുന്ന സിംഗപ്പൂർ സഞ്ചാരികളെ ആനന്ദിപ്പിക്കുന്ന വിധത്തിൽ കലാഭംഗിയോടേയും, ശുചിത്വം പാലിച്ച്കൊണ്ടും നിലകൊള്ളുന്നു. അംബരചുംബികളായ കെട്ടിടങ്ങൾ വാസ്തുകലയുടെ എല്ലാ മനോഹാരിതയും പ്രദർശിപ്പിക്കുന്നു. സാരി ചുറ്റിയ ഭാരതീയ വനിതകളും, പർദ്ദ ധരിച്ച സ്ത്രീകളും, ഉയരംകൂടിയ ഉപ്പുറ്റിയുള്ള ചെരിപ്പുകൾ ധരിച്ച ചൈനക്കാരും തിങ്ങി നിറഞ്ഞ നിരത്ത് ഒരു അന്തർദ്ദേശീയ സ്വഭാവം പ്രകടിപ്പിച്ചിരുന്നു. നാനവിധത്തിലുള്ള മനുഷ്യർ, അവരുടെ വസ്ത്രങ്ങളുടെ ഏഴു നിറങ്ങളിൽ നിന്നുതിരുന്ന ബഹുശതം വർണ്ണങ്ങൾ, അവർ പാലിക്കുന്ന അച്ചടക്കവും മര്യാദകളും. ഇത് ഞാൻ കാണാൻ കാത്തിരുന്ന നഗരം തന്നെയെന്ന് എൻെറ മനസ്സ് മന്ത്രിച്ചു. ഞങ്ങളെ എതിരേൽക്കാൻ ടൂറിസം വകുപ്പയച്ച കാർ വന്നിരുന്നു. മലയാളികൾ എത്താത്ത സ്ഥലമില്ലെന്ന പറയുന്ന പോലെ ഇന്ത്യക്കാർ എത്താത്ത സ്ഥലവും ഈ ഭൂമുഖത്തുണ്ടാകയില്ല. കാറുമായി വന്ന ഡ്രൈവർ ഇന്ത്യകാരനായിരുന്നു. അയാൾ ധാരാളം സംസാരിച്ച് കൊണ്ടിരുന്നു. ഞങ്ങൾ അവിടെ ഇറങ്ങിയ സമയം പ്രഭാതമായിരുന്നു. മനോഹരമായ തെരുവീഥികൾക്ക് ഇരുവശവും കണ്ണിനു ആനന്ദം പകരുന്ന ചെടികളും പൂക്കളും. കൂടാതെ നിരത്തിൻെറ മദ്ധ്യഭാഗത്തായി പാതകളെ വേർതിരിച്ച്കൊണ്ട് പനകളും വളർന്ന് നിൽക്കുന്നു. അമേരിക്കയിൽ വളരെ കാലം ജീവിച്ചിട്ടും വ്രുത്തിയായി സൂക്ഷിക്കുന്ന ഇവിടത്തെ നിരത്തുകൾ കണ്ടിട്ടും അവിടെയുള്ള പാതകളും പച്ചപ്പും എന്തൊരു

ആനന്ദമാണു നൽകിയത്.

സിംഗപ്പൂർ എന്ന പേരു വന്നത് മലയ ഭാഷയിലെ സിംഹ പുര എന്ന വാക്കിൽ നിന്നാണു. ഈ വാക്കിൻെറ ഉത്ഭവം സംസ്ക്രുതമാണു. സിംഗ (ഹ) എന്നാൽ സിംഹം എന്നും പുര എന്നാൽ പട്ടണമെന്നും ആ ഭാഷയിൽ അർത്ഥമുണ്ട്. തമിഴ് സംസാരിച്ചിരുന്ന ഇന്ത്യയിൽ നിന്നുള്ള ചോള രാജാക്കന്മാരുടെ സ്വാധീനമൂലമാണീ പേരു വന്നത് എന്ന് വിശ്വസിച്ച് വരുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ഈ നഗരം സ്ഥാപിച്ച ശ്രീവിജയൻ സിംഗ് നിലഉത്മ അവിടെ ചെന്നപ്പോൾ ഒരു സിംഹത്തെ കണ്ടെന്നും അത് കൊണ്ടാണീ പേരു



വന്നതെന്നും പറയുന്നുണ്ട്. എന്നാൽ സിംഹം ആ കാലത്ത് അവിടെയില്ലായിരുന്നുവെന്ന് ചരിത്രം കണ്ടെത്തുന്നു. എന്തായാലും "സിംഹ പുരി" എന്ന സംസ്ക്രുത പദം പരക്കെ സിംഗപ്പൂർ ആയി അറിയപ്പെടുമ്പോൾ നമ്മുടെ നാട്ടിലെ ഭാഷയായ സംസ്ക്രുതത്തിൽ നിന്നാണു ആ വാക്കുണ്ടായത് എന്ന് നമുക്കൊക്കെ അഭിമാനിക്കാം.അവിടെ ഒരു വാരം താമസിക്കാൻ സൗഭാഗ്യമുണ്ടായത് വളരെ സന്തോഷം നൽകുന്നു. ഒരു ആഴ്ച്ച്കൊണ്ട് കണ്ടു തീർക്കാവുന്ന ഒരു നഗരവും പരിസരവുമല്ല അതെന്ന് ബോദ്ധ്യമുണ്ടായിട്ടും കാണാൻ കഴിയുന്നത് കാണുക എന്ന സഞ്ചാരികളുടെ അതേ ചിന്തയിൽ തന്നെ ഞാനും എൻെറ കൂട്ടുകാരും ആശ്വസിച്ചു.

സിംഗപ്പൂരിൻെറ ദേശീയ ചി□ം ഒരു സിംഹതലയും അതിൻെറ വായിൽ നിന്നും പീച്ചാംകുഴലിൽ നിന്നെന്നവണ്ണം ഒഴുകി വീഴുന്ന ജലപ്രവാഹവുമാണു്. മത്സ്യത്തിൻെറ ഉടലിലാണു സിംഹത്തിൻെറ തല സ്ഥാപിച്ചിട്ടുള്ളത്. ഈ സിംഹതല അൽപ്പം ഇടത്തോട്ട് ചരിഞ്ഞാണു കാണപ്പെടുന്നത്. കൂടുതൽ പുരോഗമനപരമായ സ്വാഭാവികത്വം പ്രകടിപ്പിക്കാൻ തല വലത്തോട്ട് ചരിയണമെന്ന് പൊതുജനങ്ങളിൽ നിന്നും അഭിപ്രായമുണ്ടാകുകയുണ്ടായി. എന്നാൽ അത് മാറ്റുവാൻ നീക്കങ്ങൾ ഉണ്ടായില്ല. സിംഹതല നിർഭയത്തത്തിൻേറയും, ദ്രുഢതയുടേയും, ഉൽക്രുഷ്ടതയുടേയും പ്രതീകമായി നിലകൊള്ളുന്നു.

സിംഗപ്പൂർ നഗരം ചുറ്റിയടിക്കാൻ ടൂറിസം വക ബസ്സുകൾ ഓടുന്നുണ്ട്. സന്ദർശകർ ഓരോ സ്ഥലത്തും ഇറങ്ങി കാഴ്ച്ചകൾ കണ്ട് വീണ്ടും അത്തരം ബസ്സുകളിൽ കയറി അടുത്ത സ്ഥലത്തേക്ക് യാത്ര ചെയ്യുന്നു. ഇത്തരം ബസ്സുകൾ നഗര വീഥികളിലൂടെ കറങ്ങികൊണ്ടിരിക്കും. യാത്രകാരുടെ സൗകര്യാർത്ഥം തയ്യാറാക്കിയിട്ടുള്ള സീറ്റുകളിൽ ഇരുന്ന് നഗരത്തിൻെറ തിക്കും തിരക്കും കണ്ടുള്ള യാത്ര അവിസ്മരണീയമാണ്. എത്രയോ അച്ചടക്കത്തോടും ശ്രദ്ധയോടുമാണു ഈ വാഹന സൗകര്യം ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. സഞ്ചാരികളുടെ സൗകര്യം തന്നെ അവരുടെ സന്തോഷം. അതേപോലെ തന്നെ കുറച്ച് ദൂരം കരയിലൂടെ ഓടിയതിനു ശേഷം ബസ്സ് ബോട്ടായി മാറികൊണ്ട് അത് നദിയിലൂടെ ചുറ്റികറങ്ങി സഞ്ചാരികളെ അത്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നത് ഇവിടത്തെ ഒരു ആകർഷണമാണ്.



541 അടി ഉയരത്തിൽ പണിതുയർത്തിയിട്ടുള്ള യന്ത്ര ഊഞ്ഞാൽ (Ferris Wheel) ആണ് ഇവിടത്തെ മറ്റൊരു ആകർഷണം. ഇതിനെ സിംഗപ്പൂർ ഫ്ലയർ എന്നാണു പറയുന്നത്.

ലാസ് വാഗസ്സിൽ നിർമ്മിച്ച യന്ത ഊഞ്ഞാൽ ഉണ്ടാകുന്നത് വരെ ഇത് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ യന്ത്ര ഊഞ്ഞാൽ എന്നു കണക്കാക്കപ്പെട്ടിരുന്നു.

എയർകണ്ടീഷൻ ചെയ്ത ഇരുപത്തിയെട്ട് ക്യാപ്സൂളുകളിൽ ഇരുപത്തിയെട്ട് യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന വിധമാണു' ഇതിൻെറ സംവിധാനം. ഇതിലിരുന്ന് കൊണ്ട് സിംഗപ്പൂർ നഗരത്തിൻെറ മനോഹാരിത മുഴുവൻ ആസ്വദിക്കാവുന്നതാണ്. അരമണികൂർ യാത്രക്ക് 33 സിംഗപൂർ ഡോളറാണു

യാത്രക്കാരിൽ നിന്നും വാങ്ങുന്നത്. നമ്മൾ  മലയാളികളുടെ പൂരങ്ങളിലും ഉത്സവങ്ങളിലും യന്ത്ര ഊഞ്ഞാലിൽ ഇരുന്ന ഓർമ്മകൾ നവീനമായ രീതിയിൽ നിർമ്മിച്ച ഇതിൻെറ വിശാലമായ കൊച്ചു പേടകങ്ങളിലിരുന്ന് അയവിറക്കാം.

ഉൾക്കടലിനരികിൽ ഒരു ഉദ്യാനം (Gardens by the Bay) സഞ്ചാരികളെ വളരെ ആനന്ദിപ്പിക്കുന്ന ഒന്നാണ്.  മെറീന ഉൾകടലിനരികെ നിർമ്മിച്ച ഈ പൂന്തോട്ടംകൊണ്ട് സിംഗപ്പൂർ സർക്കാർ ഉദ്ദേശിക്കുന്നത് പൂന്തോട്ടങ്ങളുടെ നഗരിയെന്ന പേരിൽ നിന്നും പൂന്തോട്ടത്തിൽ ഒരു നഗരി എന്ന പരിവർത്തനമാണ്. ഉൾക്കടലിനരികിൽ ഒരു ഉദ്യാനം സഞ്ചാരികളെ വളരെ ആനന്ദിപ്പിക്കുന്ന ഒന്നാണ്.  എഴുപത്തിയൊമ്പത് ഏക്കറിലാണു ഈ ഉദ്യാനം സ്ഥിതി ചെയ്യുന്നത്. മറീന ഉൾക്കടലിനു കസവ് തുന്നിയ പോലെ ഈ പൂന്തോട്ടത്തിൻെറ മുന്നിലൂടെ ഉല്ലാസ നടത്തത്തിനായി രണ്ട് കിലൊമീറ്ററോളം ദൂരത്തിൽ ഒരു നടപ്പാതയുണ്ട്. ജീവിതത്തിൻെറ മുഷിപ്പും ഏകാന്തതയും ഒരു പരിധിവരെ ഒഴിവാക്കാൻ വിനോദസഞ്ചാരങ്ങൾ സഹായിക്കുന്നു.  പ്രക്രുതിയും മനുഷ്യനും ഒരുമിച്ച് തീർക്കുന്ന വിസ്മയങ്ങൾ കാണുന്നത് ഒരനുഭൂതിയാണ്. നഗരവാസികളുടെ ജീവിത നിലവാരം ഉയർത്തുവാനും അവർക്ക് പ്രക്രുതിദത്തമായ പച്ചപ്പും, പൂക്കൾ വിടർന്ന് നിൽക്കുന്ന സസ്യജാലങ്ങളുടെ സാമീപ്യവും നൽകാൻ ഇത്തരം ഉദ്യാനങ്ങൾക്ക് കഴിയുമെന്ന് അവിടത്തെ ഗവൺമൻറ് വിശ്വസിക്കുന്നു.

ഇതിനകത്താണു ക്ലൗഡ് ഫോറെസ്റ്റ് ഒരുക്കിയിട്ടുള്ളത്. ഇവിടേക്ക് എത്തിചേരാൻ എലിവേറ്ററുകളുണ്ട്. ഇറങ്ങി വരുന്നതിനായി വ്രുത്താക്രുതിയിലുള്ള പാതകൾ ഉണ്ട്. അതിലൂടെ ഇറങ്ങി വരുമ്പോൾ സഞ്ചാരികൾക്ക് കുളിരു പകർന്ന് കൊണ്ട് അടുത്തുള്ള വെള്ളച്ചാട്ടങ്ങളുടെ പൊട്ടിച്ചിരികളുണ്ട്.  നീഹാരം തിങ്ങി നിൽക്കുന്ന ഒരു അഭൗമ ഭംഗിയാണീ ക്രുത്രിമ കാടുകൾ നൽകുന്നത്.  ഇവിടെ മറ്റു ചെടികളെ ചുറ്റിപ്പടർന്ന് കൊണ്ട് എന്നാൽ ഇത്തിക്കണ്ണികളാകാത്ത അനവധി സസ്യജാലങ്ങളെ കാണാം.

സിംഗപൂരിലെ മ്രുഗശാല സഞ്ചാരികൾക്കായി പല വിനോദങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. മ്രുഗങ്ങൾക്ക് മേയാൻ വിശാലമായ സ്ഥലമുണ്ട്. ദുഷ്ടമ്രുഗങ്ങളെ ചുറ്റും കിടങ്ങുകൾ ഉണ്ടാക്കി സംരക്ഷിച്ച് വരുന്നു. ഇവിടത്തെ ഏറ്റവും മുഖ്യമായ കാഴ്ച്ച് ഉരങ്ങ്-ഹുട്ടൻ എന്ന കുരങ്ങാണ്. മനുഷ്യകുരങ്ങുകളിൽ നിന്ന് വ്യത്യസ്ഥമായി ഇവക്ക് ദേഹമാസകലം ചെമ്പിച്ച രോമങ്ങളാണുള്ളത്. ഇവ എപ്പോഴും മരത്തിൽ വസിക്കാൻ ആഗ്രഹിക്കുന്നു, .ഈ വാക്കുണ്ടായത് മലയയും ഇൻഡൊനേഷ്യൻ ഭാഷയും കൂടികലർന്നാണു. ഉരങ്ങ് എന്നാൽ വ്യക്തി, ഹുട്ടൻ എന്നാൽ കാട്. കാട്ടിൽ വസിക്കുന്നവൻ

എന്നാണത്രെ ഈ വാക്കിൻെറ അർത്ഥം. സിംഗപ്പൂർ മൃഗശാലയിൽ സഞ്ചാരികൾക്ക് ആനപ്പുറത്ത് കയറി ഒരു സവാരി വേണമെങ്കിൽ അതിനുള്ള സൗകര്യങ്ങൾ ഉണ്ട്. മുന്നൂറോളം ജാതി വിവിധ മൃഗങ്ങളും, ഇഴജന്തുക്കളും, പക്ഷികളുമൊക്കെ അവിടെയുണ്ട്.



ഉരങ്ങ് ഹുട്ടനു സംസാരിക്കനുള്ള ശേഷിയില്ലെങ്കിലും ചില ശബ്ദങ്ങൾ പുറപ്പെടുവിക്കും. നമുക്ക് അത് ചിലപ്പോൾ മനുഷ്യ ഭാഷയായി തോന്നാം. ഇവിടെയുള്ള ഒരു കുരങ്ങൻ അതെപോലെ കാണികളോട് ആപ്പിൾ വേണോ എന്ന് ചോദിച്ചത് മറ്റ് സഞ്ചാരികൾക്ക് വളരെ ഹരമായി. മൃഗശാലക്കടുത്തുള്ള ഫയർ ഷോ ആവേശഭരിതമാണ്. ഏതൊ ഒരു ദ്രാവകം വായക്കകത്താക്കി പ്രദർശനക്കാർ അത് ഒരു പന്ത് രൂപത്തിൽ തുപ്പി തീ ഗോളങ്ങളുണ്ടാക്കുന്ന കാഴ്ച്ച് ശ്വാസം അടക്കിപ്പിടിച്ചിരുന്നേ കാണാൻ കഴിഞ്ഞുള്ളു. ഉപജീവനത്തിനായി മനുഷ്യർ എന്തൊക്കെ ചെയ്യുന്നു. മറ്റ് സഞ്ചാരികൾ സന്തോഷത്തിൻെറ ആർപ്പ് വിളികൾ മുഴക്കുമ്പോൾ എൻെറ കരൾ നോവുകയായിരുന്നു. ഈ ജീവിതമെന്ന കടങ്കഥ ചോദിച്ചും ഉത്തരം പറഞ്ഞു മനുഷ്യരാശി മുന്നോട്ട് പ്രയാണം തുടരുന്നു.

മെറിന ഉൾക്കടലിൽ നിർമ്മിച്ചിരിക്കുന്ന പൊങ്ങി കിടക്കുന്ന മൈതാനം (Floating Stadium) സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്ന ഒരു കൗതുകമാണ്. കടലിൽ പൊങ്ങി കിടക്കുന്ന ഈ മൈതാനം അഴിച്ചെടുത്ത് മാറ്റാവുന്നതും വീണ്ടും കൂട്ടിചേർക്കാവുന്നതുമാണ്. മൗണ്ട് ഫാബേർ എന്ന 344 അടി ഉയരമുള്ള കുന്ന് സിംഗപ്പൂർ സന്ദർശിക്കുന്ന സഞ്ചാരികളുടെ ആകർഷണമാണ്. ഇതിൻെറ മുകളിൽ നിന്ന് നോക്കിയാൽ സിംഗപൂർ നഗരത്തിൻെറ ഒരു സമ്പൂർണ്ണ കാഴ്ച്ച സാദ്ധ്യമാണ്. ഇവിടെ നിന്നും സെൻേറാസ എന്ന വിനോദ സഞ്ചാരികളുടെ താവളത്തിലേക്ക് ക്യേബിൾ കാർ യാത്ര ക്രമീകരിച്ചിട്ടുണ്ട്.. സെൻേറാസ എന്ന ദ്വീപിൻെറ പേരും നമ്മുടെ സംസ്ക്രുത പദമായ സന്തോഷിൽ നിന്നാണ്.

കാഴ്ച്ചകളുടെ ഉത്സവം അങ്ങനെ അവസാനിക്കുകയാണ്. സിംഹ നഗരിയിലെ ഒരു വാരം പെട്ടെന്ന് കഴിഞ്ഞു. പുതുമകൾ കാണാനുള്ളപ്പോൾ ജീവിതത്തിൻെറ നാഴിക സൂചികൾ നീങ്ങി പോകുന്നത് നമ്മൾ അറിയുന്നില്ല. ഹ്ര്ദയാവർജ്ജകമായ കുറെ ഓർമ്മകൾ ഈ നഗരം സമ്മാനിച്ചു. കണ്ടതെല്ലാം എഴുതിയോ, കാണാൻ ബാക്കി വച്ചതിനെ കുറിച്ച് എഴുതിയോ എന്ന് ചോദിച്ചാൽ കണ്ടതെല്ലാം മനസ്സിൽ തങ്ങി നിൽക്കുന്നവയായിരുന്നു എന്നേ പറയാൻ കഴിയൂ. ഇനി അടുത്ത രാജ്യമായ മലേഷ്യയിലേക്ക് പറക്കാനുള്ള ഒരുക്കങ്ങൾ ചെയ്യാനുണ്ട്. അവിടത്തെ വിശേഷങ്ങളുമായി വീണ്ടും കാണാം.(തുടരും)



Floating Stadium





Singapore Flyers


mysterious Cloud Forest


Garden by the bay



Singapore City





View from the Boat

